# മൂന്നു നോമ്പിലെ ശുശ്രൂഷാക്രമം

## മൂന്നു നോമ്പിലെ ആരംഭ ദിവസത്തിലെ ശുശ്രൂഷാക്രമം

പട്ടക്കാരൻ : പിതാവിനും പുത്രനും....................

ജനം : ബലഹീനരും പാപികളുമായ....................

### ആരംഭ പ്രാർത്ഥന

പട്ടക്കാരൻ : നിനുവായക്കാരുടെ അപേക്ഷയിൽ തിരുവിഷ്ടം തോന്നുകയും, അവരുടെ അനുതാപത്തെ കൈക്കൊള്ളുകയും, അവരുടെ മേൽ നിശ്ചയിച്ചിരുന്ന ന്യായതീർപ്പിനെ നീക്കിക്കളകയും ചെയ്തവനായ ദൈവമായ കർത്താവേ, ഞങ്ങളുടെ തെറ്റുകളും അമാർഗ്ഗങ്ങളും നിമിത്തം നീതിയോടു ഞങ്ങളുടെ മേൽ നിശ്ചയിച്ചിരിക്കുന്ന കോപത്തിന്റെ പാച്ചിലിനെ അവർണ്ണനീയമായ നിന്റെ മനുഷ്യ സ്നേഹത്താൽ ഞങ്ങളിൽ നിന്നു നീക്കി വിരോധിക്കേണമേ. ഞങ്ങളുടെ പാപങ്ങൾക്കും അകൃത്യങ്ങൾക്കും തക്കവണ്ണം ഞങ്ങളോടു പ്രതിപകരം ചെയ്യരുതേ. ഞങ്ങളുടെ മേലും വിലയേറിയ നിന്റെ തിരു രക്തത്താൽ രക്ഷിച്ചിട്ടുള്ള സഭ മുഴുവൻ മേലും കരുണ ചെയ്തു അനുഗ്രഹം ചെയ്യേണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനേയും വിശുദ്ധ റൂഹായേയും സ്തോത്രം ചെയ്തു സ്തുതിക്കുമാറാകേണമേ.

ജനം. ആമ്മീൻ

### അതിന്റെ ശേഷം 51–ാം മസുമൂർ

### പ്രോമ്യോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...........

ജനം : അനുഗ്രഹിക്കുന്നവനായ കർത്താവേ...........

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...........

പാപികളോടു കരുണ ചെയ്യുന്നവനും, തന്റെ കരുണയാൽ അനുതാപികളിൽ ഇഷ്ടപ്പെടുന്നവനും, തന്റെ ശ്രീഭണ്ഡാരത്തിൽ നിന്നു ദരിദ്രന്മാരെ ഐശ്വര്യവാന്മാരാ ക്കുന്നവനുമായ ഉത്തമനാഥനും, തന്റെ മനുഷ്യസ്നേഹത്താൽ നിനുവായക്കാരെ കൈക്കൊണ്ടവനും നശിച്ചുപോകുന്നവരെ കൂട്ടിച്ചേർത്തു തന്റെ തോട്ടത്തിലേക്കു പ്രവേശിപ്പിക്കുകയും തന്റെ ദയയാൽ ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കുകയും ചെയ്യുന്നവനുമായ തനിക്കു മൂന്നുനോമ്പിന്റെ ഒന്നാം ദിവസത്തെ ശുശ്രൂഷ കഴിക്കപ്പെടുന്ന ഈ നേരത്തും സകല പെരുനാളുകളിലും, കാലങ്ങളിലും, സമയങ്ങളിലും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ...........

ജനം. ആമ്മീൻ

### സെദറാ

പട്ടക്കാരൻ : തന്റെ കൃപയുടെ ചിന്തലുകളാൽ സദായ്പോഴും ഞങ്ങളോടു പെരുമാറുന്നവനും, പലതര സഹായങ്ങളുടെ ബഹുത്വത്താൽ തന്റെ സൃഷ്ടികൾക്കു ന്യായമായിരിക്കുന്ന സഹായങ്ങളെ നൽകുന്നവനും, സകല ദൈവീക നൽവരങ്ങളുടെയും വിലയേറിയ ദാനങ്ങളിൽ വിശ്വാസികളെ വളർത്തുന്നവനും, അനുതാപത്തിന്റെ വാതിലിൽ മുട്ടിവിളിക്കയും തന്റെ കൃപയുടെ അനുഗ്രഹങ്ങളെ യാചിക്കയും ചെയ്യുന്നവരായ തന്റെ ദാസരെ കാത്തുസൂക്ഷിക്കുന്നവനുമായ ദൈവമായ കർത്താവേ, നിന്റെ ദീർഘദർശിമാരിൽ ശ്രേഷ്ഠനായ യോനാദീർഘദർശിയുടെ പ്രസംഗം മൂലം നിനുവായക്കാരുടെ മേൽ നീ നിശ്ചയിച്ചിരുന്നതായ ഭയങ്കര ന്യായവിധിയെ വിരോധിക്കയും അവരുടെ മേൽ ജ്വലിച്ചുകൊണ്ടിരുന്ന കോപത്തിന്റെ വാളിനെ നീ നീക്കിക്കളകയും ചെയ്തുവല്ലോ. ഇപ്പോൾ കർത്താവേ, ഞങ്ങളും നിന്നോട് അപേക്ഷിക്കുന്നു. നിന്റെ ക്രോധത്താൽ ഞങ്ങളെ ശിക്ഷിക്കയും നിന്റെ വൈരാഗ്യം മൂലം ഞങ്ങളെ നശിപ്പിക്കുകയും ചെയ്യാതെ പിതൃസ്ഥാനത്തിനടുത്ത നിന്റെ കൃപ പോലെ ഞങ്ങളെ

ശിക്ഷിച്ച കരുണയുള്ള പിതാവിനെപ്പോലെ ഞങ്ങളുടെ ഞെരുക്കങ്ങളിൽ സഹായിക്കുമാറാകേണമേ. നിന്റെ ദൈവീക സംസർഗത്തിൽ ഞങ്ങളെ ആനന്ദിപ്പിക്കേണമേ. വെടിപ്പുള്ളതായ നിന്റെ സ്നേഹത്താൽ ഞങ്ങളെ ബന്ധിക്കയും, നിന്റെ കരുണ കൊണ്ടു ഞങ്ങളിൽ നിന്നു മായിച്ചു കളയേണമേ. കർത്താവേ നിന്നോടു മാത്രം അപേക്ഷിക്കുന്നവരും നിന്നെ മാത്രം സ്നേഹിക്കുന്നവരും ആയിത്തീരുവാൻ ഞങ്ങൾക്കു കൃപ നൽകേണമേ. സാത്താന്റെ കണികളിൽ നിന്നു ഞങ്ങളെ വീണ്ടുകൊള്ളേണമേ. രക്ഷയും ആനന്ദവും കൊണ്ടു ഞങ്ങളെ നിറയ്ക്കേണമേ. നിന്നേക്കുറിച്ചുള്ള ഭയം മൂലം പാപങ്ങളിൽ നിന്നുള്ള പൂർണ്ണ സ്വാതന്ത്ര്യം ഞങ്ങൾ പ്രാപിക്കയും നന്മ ചെയ്യുന്നവർക്കുള്ള കിരീടങ്ങൾക്കു യോഗ്യതയുള്ളവരായിത്തീരുകയും ചെയ്യേണമേ. ഞങ്ങളുടെ അന്യായങ്ങളുടെ ബഹുത്വത്തെ നീക്കീ ഞങ്ങളെല്ലാവരുടെയും പാപങ്ങളെ ക്ഷമിക്കേണമേ. അന്ധകാരവും കൈപ്പും നിറഞ്ഞിരിക്കുന്ന നരകത്തിലെ അതിവേദനകളിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ. ഞങ്ങളുടെ മേൽ വന്നിട്ടുള്ളതും വരുവാനിരിക്കുന്നതുമായ സകല ഞെരുക്കങ്ങളിൽ നിന്നും ഞങ്ങളെ മറച്ചുകൊള്ളേണമേ. സകല ഭൂതലത്തിനും നിന്നിൽ നിന്നുള്ള നിരപ്പും സമാധാനവും സൗജന്യം ചെയ്യേണമേ. ഞങ്ങളെല്ലാവരുടെയും വായ്കളിൽ നിന്ന് നിനുവായക്കാരെപ്പോലെ നിനക്കും നിന്റെ ഏകപുത്രനും വിശുദ്ധ റൂഹായ്ക്കും ഞങ്ങൾ സ്തുതി കരേറ്റുമാറാകേണമേ. ഹോശോ............

ജനം : ആമ്മീൻ

പട്ടക്കാരൻ : ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ധൂപത്തെ നിന്റെ ശ്രേഷ്ഠതയുടെ മുമ്പാകെ അംഗീകാര കാഴ്ചയും പരിമല വാസനയുമായി ആക്കിത്തീർക്കേണമേ. ഞങ്ങളുടെ നോമ്പ് നിന്റെ ബഹുമാനത്തിന്റെ മഹാശുദ്ധ സ്ഥലത്തിന്റെ മുമ്പാകെ സംയോജിപ്പിക്കുന്ന ബലിയും തിരഞ്ഞെടുക്കപ്പെട്ട ധൂപവും ആയിത്തീരേണമേ. ഞങ്ങളുടെ പ്രാർത്ഥന നിനുവായക്കാരുടെ പ്രാർത്ഥന പോലെ നിന്റെ തിരുമുമ്പിൽ പ്രവേശിക്കയും മഹത്വത്തിന്റെ മുമ്പാകെ അത് കൈക്കൊള്ളപ്പെടുകയും ചെയ്യുമാറാകേണമേ. ഹോശോ...........

ജനം : ആമ്മീൻ

**വായന** : യോന 1.

റോമർ 15:24-33

വി. മത്താ. 7:1-12

**അതിനു ശേഷം മാലാഖമാരുടെ സ്തുതി 'പാപികളും ബലഹീനരുമാം................'**

**അതിനു ശേഷം 'മോറാൻ യേശു മ്ശിഹ.............' എന്നുള്ള അപേക്ഷയും ഒരു കൌമ്മായും**

## വിശ്വാസപ്രമാണം

## ഹൂത്താമ്മാ

പട്ടക്കാരൻ : കാരുണ്യവാനും, അനുഗ്രഹങ്ങൾ ധാരാളമുള്ളവനും, അനുതാപികളിൽ ഇഷ്ടപ്പെടുന്നവനും, നിനുവായക്കാരുടെ മേൽ നിശ്ചയിച്ചിരുന്ന കോപത്തെ നോമ്പാലും ചാക്കുശീലയാലും ചാരത്താലും ഉണ്ടായ അവരുടെ അനുതാപത്താൽ നീക്കീക്കളഞ്ഞവനുമായ ദൈവമായ കർത്താവു നമ്മിൽ നിന്നു തന്റെ കോപത്തെ നീക്കുകയും നമ്മുടെ നാശത്തിനു നിശ്ചയിച്ചിരിക്കുന്ന മരണശിക്ഷയെ മായിച്ചുകളകയും ചെയ്യട്ടെ. നമ്മെ ചുറ്റിയിരിക്കുന്ന സകല പരീക്ഷകളിൽ നിന്നും നമ്മെ താൻ വീണ്ടുകൊണ്ടു സകല ശുദ്ധതയോടും കൂടെ തന്നെ മഹത്വപ്പെടുത്തി പുകഴ്ത്തുവാൻ നമ്മെ യോഗ്യരാക്കിത്തീർക്കയും ചെയ്യുമാറാകട്ടെ

ജനം : ആമ്മീൻ

# മൂന്നു നോമ്പിലെ രണ്ടാം ദിവസത്തിലെ ശുശ്രൂഷാക്രമം

പട്ടക്കാരൻ : പിതാവിനും പുത്രനും....................

ജനം : ബലഹീനരും പാപികളുമായ....................

## ആരംഭ പ്രാർത്ഥന

പട്ടക്കാരൻ : കർത്താവേ, നിന്റെ കരുണയാൽ നീനവേയിൽ നിന്നു ന്യായമായ ശിക്ഷയെ നീക്കിക്കളഞ്ഞപ്രകാരം നിന്റെ സഭയിൽ നിന്നു ദോഷകരമായ ഉപദേശങ്ങളെയും തർക്കങ്ങളെയും നീക്കിക്കളയണമേ. സത്യൈക ദൈവമായ പിതാവും പുത്രനും വിശുദ്ധ റൂഹായുമായുള്ളോവേ, നിന്റെ ഇടവകയോട് മനസ്സലിവു തോന്നുകയും നിന്റെ കരുണയാൽ ഞങ്ങളുടെ അപേക്ഷകൾക്കു ഉത്തരമരുളുകയും ചെയ്യേണമേ.

ജനം : ആമ്മീൻ

### അതിന്റെ ശേഷം 51–ാം മസുമൂർ

## പ്രോമ്യോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...........

ജനം : അനുഗ്രഹിക്കുന്നവനായ കർത്താവേ...........

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...........

രഹസ്യങ്ങളെ അറിയുന്നവനും, അന്തരിന്ദ്രിയങ്ങളെ ശോധന ചെയ്യുന്നവനും, പ്രാർത്ഥനകളെ കൈക്കൊള്ളുന്നവനും, യാചനകളെ നൽകുന്നവനും, വിലപിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കുന്നവനും, വ്യസനിച്ചിരിക്കുന്നവരെ ധൈര്യപ്പെടുത്തുന്നവനും, പാപികളെ കൈക്കൊള്ളുന്നവനും, തന്റെ കൃപയാൽ നിനുവായക്കാർക്കു മോചനം നൽകിയവനും, തന്റെ മനുഷ്യസ്നേഹത്താൽ അവരിൽ നിന്നു കഠിനമായ ശിക്ഷകളെ നീക്കിക്കളഞ്ഞു തന്റെ കരുണയാൽ അവരെ കൂട്ടിച്ചേർത്ത്, തന്റെ തൊഴുത്തിലേക്ക് അവരെ പ്രവേശിപ്പിച്ചവനും, ഹൃദയം തകർന്ന എല്ലാവരേയും ആശ്വസിപ്പിക്കുന്നവനുമായ തനിക്ക് ഈ നേരത്തും സകല പെരുനാളുകളിലും കാലങ്ങളിലും സമയങ്ങളിലും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.........

ജനം : ആമ്മീൻ

## സെദറാ

പട്ടക്കാരൻ : വനത്തിൽ വച്ച് മോശയാൽ ഉയർത്തപ്പെട്ട പിച്ചള സർപ്പത്തിന്റെ ദൃഷ്ടാന്തത്താൽ തന്റെ സ്ലീബായെ മുൻകൂട്ടി അറിയിക്കയും, തന്റെ ഭുജത്താൽ അഗാധമുള്ള കുഴിയിൽ വച്ച് ക്രൂര സിംഹങ്ങളുടെ കയ്യിൽ നിന്നു ദാനിയേലിനെ വീണ്ടുകൊള്ളുകയും, ഭയങ്കരമായ തീച്ചൂളയിൽ നിന്ന് ആ പൈതങ്ങളെ രക്ഷിക്കയും, മത്സ്യത്തിന്റെ വയറ്റിൽ വച്ചുള്ള യോനാ ദീർഘദർശിയുടെ പ്രാർത്ഥനയ്ക്ക് ഉത്തരമരുളുകയും ചെയ്തവനായി രക്ഷാകരനും വീണ്ടെടുപ്പുകാരനും ഞങ്ങളുടെ രാജാവുമായുള്ള ദൈവമായ മ്ശിഹാതമ്പുരാനേ, നിനുവായക്കാർ നിന്നോട് അപേക്ഷിക്കയാൽ വലുതായ കോപവും വ്യസനകരമായ ശിക്ഷയും അവരിൽ നിന്ന് നീ കടത്തിക്കളകയും നിന്റെ മനുഷ്യസ്നേഹം നിമിത്തം അവരോടു നീ കരുണ ചെയ്യുകയും ചെയ്തുവല്ലോ. ഭാഗ്യവാനും കരുണയുള്ളവനുമായുള്ളോവേ, നെടുവീർപ്പോടും, സാഷ്ടാംഗ വന്ദനവോടും കൂടെ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നീ എഴുന്നെള്ളി യുദ്ധങ്ങളിൽ നിന്നും, കലഹങ്ങളിൽ നിന്നും, അഗ്നിയിൽ നിന്നും, ഭയങ്കര കാറ്റുകളിൽ നിന്നും ഞങ്ങളെ വീണ്ടുകൊള്ളേണമേ. നിന്റെ ചിറകിൻ കീഴിൽ ഞങ്ങളെ കാത്ത് സദായ്പ്പോഴും ഞങ്ങളെ സൂക്ഷിക്കേണമേ. ഞങ്ങളുടെ ജീവന് നാശകാരണമായിരിക്കുന്ന കഠിന വ്യസനങ്ങളെ ഞങ്ങളിൽ നിന്ന് അകറ്റി കളയേണമേ. ഭാരമായിരിക്കുന്ന വിചാരങ്ങൾ ഞങ്ങളുടെ ബുദ്ധിയെ ഭാരപ്പെടുത്തരുതേ. പാപികൾക്കു യോഗ്യമായിരിക്കുന്ന അനുതപത്തോടു കൂടി ഞങ്ങളേത്തന്നെ ഞങ്ങൾ വിനയപ്പെടുത്തുമാറാകേണമേ. ബലഹീനരായ ഞങ്ങളുടെ ആത്മാക്കൾക്കു പരിപൂർണ്ണ സഹായം ലഭിക്കുമാറാകേണമേ. ഞങ്ങളുടെ കർത്താവേ. നിന്നിൽ സങ്കേതപ്പെട്ടുകൊണ്ട് നിന്നോടു ഞങ്ങൾ നില വിളിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളോട് ഉത്തരമരുളേണമേ. ചുങ്കക്കാരനേപ്പോലെ ഞങ്ങളുടെ

പാപം നിമിത്തമായി നിന്റെ സിംഹാസനത്തിന്റെ അടുക്കലേക്ക് ഞങ്ങളുടെ കണ്ണുകളെ ഉയർത്തുവാൻ ഞങ്ങൾ തുനിയുന്നില്ല. നിനുവായക്കാരെപ്പോലെ തിരുസന്നിധിയിൽ ഞങ്ങൾ കണ്ണുനീർ ചൊരിയുകയും, ഞങ്ങളുടെ ദൃഷ്ടിയെ ഭൂമിയിലേക്ക് ഞങ്ങൾ തിരിപ്പിക്കയും കരുണയുള്ളവനായ നിന്നോട് ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു. ദുഷ്പ്രവർത്തിക്കാരായ ഞങ്ങളോട് കരുണ തോന്നേണമേ. ഞങ്ങൾ താഴ്മയോടു കൂടെ മുറവിളിക്കുകയും സഹായത്തിനായി നോക്കി പാർക്കുകയും ചെയ്യുന്നു. ഞങ്ങൾ പാപികളാകയാൽ ഞങ്ങളോടു ദയ തോന്നേണമേ. സൗഖ്യം നൽകുന്നതായ നിന്റെ സകല അതിശയങ്ങളും, ശക്തികളും ഞങ്ങളിൽ പ്രവർത്തിക്കുമാറാകേണമേ. ഞങ്ങളുടെ ശത്രുക്കളുടെ കയ്യിൽ ഞങ്ങളെ നീ ഏൽപ്പിച്ചുകൊടുക്കയും, ഞങ്ങൾ രഹസ്യമായി നിന്ദിക്കപ്പെടുകയും, പുറജാതികളുടെ ഇടയിൽ ഞങ്ങൾ പാട്ടായി തീരുകയും അരുതേ. നിന്നോടുള്ള അനുതാപത്താൽ ഞങ്ങളെ നീ കൂട്ടിച്ചേർക്കയും, നിന്റെ ഭുജങ്ങളിൽ ഞങ്ങളെ നീ വഹിക്കയും, നിന്റെ തോട്ടത്തിലേക്ക് ഞങ്ങളെ നീ പ്രവേശിപ്പിക്കയും ചെയ്യേണമേ. കർത്താവേ, നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും പുകഴ്ചയും ഉന്നതിയും ഞങ്ങൾ കരേറ്റുന്നു. ഹോശോ......

ജനം : ആമ്മീൻ

## എത്രാ

പട്ടക്കാരൻ : ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ സ്തോത്രമാകുന്ന ധൂപം നിന്റെ ഉണ്മയുടെ മഹാശുദ്ധ സ്ഥലത്തേക്കു കരേറുകയും, ഞങ്ങളുടെ അധരങ്ങളുടെ കാഴ്ച നിന്റെ ശ്രേഷ്ഠതയുടെ മദ്ബഹാ മുൻപാകെ പ്രവേശിക്കയും, ഞങ്ങളുടെ സ്തുതിയാകുന്ന ബലി നിന്റെ കരുണയാകുന്ന ജീവന്റെ മേശയുടെ മേൽ കൈക്കൊള്ളപ്പെടുകയും ചെയ്യുമാറാകേണമേ. നിന്റെ സ്നേഹമാകുന്ന ധൂപത്തിൽ നിന്നു ഞങ്ങളുടെ കുറ്റങ്ങൾക്കു പരിഹാരം ലഭിക്കയും, നിന്റെ സ്തുതിയുടെ ആലയത്തിൽ നിന്നു ഞങ്ങളുടെ പാപങ്ങൾക്കു മോചനമുണ്ടാകയും, നിന്റെ കൃപയുടെ ഭണ്ഡാരത്തിൽ നിന്നു ഞങ്ങളുടെ ആത്മാക്കൾക്കു രക്ഷ ഉണ്ടാകയും, ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകേണമേ. ഹോശോ...........

ജനം : ആമ്മീൻ

**വായന** : യോനാ 2.
കൊലൊ. 1:3-13
വി. മത്താ. 24:36-46

**അതിനു ശേഷം മാലാഖമാരുടെ സ്തുതി 'പാപികളും ബലഹീനരുമാം................'**

**അതിനു ശേഷം 'മോറാൻ യേശു മ്ശിഹ.............' എന്നുള്ള അപേക്ഷയും ഒരു കൌമ്മായും**

## വിശ്വാസപ്രമാണം

## ഹൂത്താമ്മാ

പട്ടക്കാരൻ : കാരുണ്യവാനും, അനുഗ്രഹങ്ങൾ ധാരാളമുള്ളവനും, അനുതാപികളിൽ ഇഷ്ടപ്പെടുന്നവനും, നിനുവായക്കാരുടെ മേൽ നിശ്ചയിച്ചിരുന്ന കോപത്തെ നോമ്പാലും ചാക്കുശീലയാലും ചാരത്താലും ഉണ്ടായ അവരുടെ അനുതാപത്താൽ നീക്കീക്കളഞ്ഞവനുമായ ദൈവമായ കർത്താവു നമ്മിൽ നിന്നു തന്റെ കോപത്തെ നീക്കുകയും നമ്മുടെ നാശത്തിനു നിശ്ചയിച്ചിരിക്കുന്ന മരണശിക്ഷയെ മായിച്ചുകളകയും ചെയ്യട്ടെ. നമ്മെ ചുറ്റിയിരിക്കുന്ന സകല പരീക്ഷകളിൽ നിന്നും നമ്മെ താൻ വീണ്ടുകൊണ്ടു സകല ശുദ്ധതയോടും കൂടെ തന്നെ മഹത്വപ്പെടുത്തി പുകഴ്ത്തുവാൻ നമ്മെ യോഗ്യരാക്കിത്തീർക്കയും ചെയ്യുമാറാകട്ടെ

ജനം : ആമ്മീൻ

# മൂന്നു നോമ്പിലെ മൂന്നാം ദിവസത്തിലെ ശുശ്രൂഷാക്രമം

പട്ടക്കാരൻ : പിതാവിനും പുത്രനും....................

ജനം : ബലഹീനരും പാപികളുമായ....................

## ആരംഭ പ്രാർത്ഥന

പട്ടക്കാരൻ : കർത്താവേ, അനുതാപത്തോടു കൂടിയ അപേക്ഷയെ നിനക്കു ഞങ്ങൾ സമർപ്പിക്കയും നിന്റെ ഭണ്ഡാരത്തിൽ നിന്ന് അനുഗ്രഹങ്ങളും മനോഗുണവും കടങ്ങളുടെ മോചനവും നിന്നോടു ഞങ്ങൾ യാചിക്കുകയും ചെയ്യുന്നു, ഉത്തമനായുള്ളോവേ, നിനുവായക്കാരുടെ അപേക്ഷ കൈക്കൊണ്ടപ്രകാരം ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളുകയും ഞങ്ങൾ നിന്നോടു വിളിച്ചപേക്ഷിക്ക കൊണ്ട് നിന്റെ ദാസരിൽ നിന്ന് നിന്റെ കോപത്തെ നീക്കിക്കളകയും ചെയ്യേണമേ. ഉത്തമനും കാരുണ്യവാനുമായുള്ളോവേ, നിന്റെ കൃപയോടുകൂടിയുള്ളതായ അനുഗ്രഹത്താൽ ഞങ്ങളോടു മനോഗുണം ചെയ്യേണമേ.

ജനം : ആമ്മീൻ

### അതിന്റെ ശേഷം 51–ാം മസുമൂർ

## പ്രോമ്യോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...........

ജനം : അനുഗ്രഹിക്കുന്നവനായ കർത്താവേ...........

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...........

പ്രാർത്ഥനകളെ കൈക്കൊള്ളുന്നവനും, പാപങ്ങളെ പരിഹരിക്കുന്നവനും, ചുങ്കക്കാരെ നീതീകരിക്കുന്നവനും, വെടിപ്പില്ലാത്തവരെ വെണ്മയാക്കുന്നവനും, ദീർഘദർശിമാരിൽ ശ്രേഷ്ഠനായ യോനായുടെ പ്രസംഗം മൂലം തന്നിൽ ആശ്രയിക്കുന്ന ഒരു പാപിക്കും അനുതാപം ഛേദിക്കപ്പെടാതിരിപ്പാൻ നിനുവക്കാരെ ഉത്തമദൃഷ്ടാന്തമാക്കി തീർത്തവനും, തന്നോട് അപേക്ഷിക്കുന്ന എല്ലവരേയും സാത്താന്റെ കണികളിൽ നിന്നും നിത്യ കോപത്തിൽ നിന്നും വീണ്ടുകൊള്ളുന്നവനുമായ തനിയ്ക്കു ഈ നേരത്തും, സകല പെരുന്നാളുകളിലും, കാലങ്ങളിലും, സമയങ്ങളിലും, നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.........

ജനം : ആമ്മീൻ

## സെദറാ

പട്ടക്കാരൻ : 'യാചിപ്പിൻ എന്നാൽ നിങ്ങൾക്കു ലഭിക്കുമെന്നും, അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തുമെന്നു, മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കപ്പെടുമെന്നും' അരുളിച്ചെയ്തവനായ ദൈവമായ കർത്താവേ, നിന്റെ ദീർഘദർശിയായ യോനാമുഖാന്തരം നീനവേ പട്ടണത്തോടു മാനസാന്തരം പ്രസംഗിക്കയും, കഠിനമായ ന്യായവിധിയെപ്പററി അവരോട് അറിയിക്കുകയും ചെയ്തുവല്ലോ. അവർ നിന്നോട് അപേക്ഷിച്ചതിനാൽ നിന്റെ കൃപ അവരെ താങ്ങി. നിന്റെ ദാസന്മാരായ ഞങ്ങളും, എല്ലാ സ്ഥലങ്ങളിലുമുള്ള ഞങ്ങളുടെ സഹോദരന്മാരും അനുതാപത്തിന്റെ വാതിൽ മുട്ടിക്കോണ്ടും കർത്താവേ, നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ തുറന്നുതരേണമേയെന്നു സത്യവിശ്വാസത്തോടും നല്ല ശരണത്തോടും കൂടി ഞങ്ങളുടെ ഞെരുക്കങ്ങളുടെയും അരിഷ്ടതയുടെയും കാലത്തിൽ നിന്നോടു യാചിക്കുന്നതിനാൽ ഞങ്ങളുടെ രക്ഷയ്ക്കും ആശ്വാസത്തിനും കൊള്ളാകുന്ന യാചനകളെ ഞങ്ങളിൽ നിന്നു നീ വിരോധിക്കരുതേ. നിന്റെ പരമാനന്ദം കൊണ്ടു ഞങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കേണമേ. കർത്താവേ ഞങ്ങൾക്ക് എതിരായി യുദ്ധം ചെയ്യുന്ന സകല പ്രതിബന്ധങ്ങളേയും ഞങ്ങളിൽ നിന്ന് അകററിക്കളയേണമേ. ഞങ്ങളെ ഉപദ്രവിച്ച് ഞെരുക്കുന്ന സകല തിന്മകളിൽ നിന്നും പൂർണ്ണ സ്വാതന്ത്ര്യം ഞങ്ങൾക്കു നൽകേണമേ. നിത്യാനന്ദവും നിത്യജീവനും ഞങ്ങൾക്കു സൗജന്യം ചെയ്യേണമേ. കാരുണ്യവാനും അനുഗ്രഹങ്ങൾ ധാരാളമുള്ളവനുമായ ദൈവം നീ ആകയാൽ ഞങ്ങൾ നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ......

ജനം : ആമ്മീൻ

## എത്രാ

പട്ടക്കാരൻ : ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ബലഹീനതയിൽ തിരുമുൻപാകെ ഞങ്ങൾ അണച്ചിരിക്കുന്ന പ്രാർത്ഥന നിന്റെ ബഹുമാനത്തിനും, ഞങ്ങളുടെ പാപ പരിഹാരത്തിനും രക്ഷക്കുമായി ഭവിക്കേണമേ. നിനുവക്കാർ നിനക്കു സമർപ്പിച്ചതായ പ്രാർത്ഥനയും കണ്ണുനീരും നീ കൈക്കൊണ്ടപ്രകാരം ഇവയെയും നിന്റെ കരുണ നിമിത്തം നീ കൈക്കോള്ളേണമേ. അവരുടെ മുഖങ്ങളിൽ അനുതാപത്തിന്റെ വാതിലിനെ തുറന്നപ്രകാരം നിന്റെ അനുഗ്രഹങ്ങളുടെ വാതിലിനെ ഞങ്ങൾക്കു തുറന്നു തരികയും നിന്നെയും നിന്റെ പിതാവിനെയും വിശുദ്ധറൂഹായേയും സ്തുതിപ്പാൻ ഞങ്ങളെ നീതീകരിക്കയും ചെയ്യേണമേ. ഹോശോ...........

ജനം : ആമ്മീൻ

**വായന** : യോനാ 4:5-11

എഫെ 5:3-15

വി. മത്താ. 12:28-50

**അതിനു ശേഷം മാലാഖമാരുടെ സ്തുതി 'പാപികളും ബലഹീനരുമാം...............'**

**അതിനു ശേഷം 'മോറാൻ യേശു മ്ശിഹ.............' എന്നുള്ള അപേക്ഷയും ഒരു കൌമ്മായും**

## വിശ്വാസപ്രമാണം

## ഹൂത്താമ്മാ

പട്ടക്കാരൻ : കാരുണ്യവാനും, അനുഗ്രഹങ്ങൾ ധാരാളമുള്ളവനും, അനുതാപികളിൽ ഇഷ്ടപ്പെടുന്നവനും, നിനുവായക്കാരുടെ മേൽ നിശ്ചയിച്ചിരുന്ന കോപത്തെ നോമ്പാലും ചാക്കുശീലയാലും ചാരത്താലും ഉണ്ടായ അവരുടെ അനുതാപത്താൽ നീക്കീക്കളഞ്ഞവനുമായ ദൈവമായ കർത്താവു നമ്മിൽ നിന്നു തന്റെ കോപത്തെ നീക്കുകയും നമ്മുടെ നാശത്തിനു നിശ്ചയിച്ചിരിക്കുന്ന മരണശിക്ഷയെ മായിച്ചുകളകയും ചെയ്യട്ടെ. നമ്മെ ചുറ്റിയിരിക്കുന്ന സകല പരീക്ഷകളിൽ നിന്നും നമ്മെ താൻ വീണ്ടുകൊണ്ടു സകല ശുദ്ധതയോടും കൂടെ തന്നെ മഹത്വപ്പെടുത്തി പുകഴ്ത്തുവാൻ നമ്മെ യോഗ്യരാക്കിത്തീർക്കയും ചെയ്യുമാറാകട്ടെ

ജനം : ആമ്മീൻ

# മൂന്നു നോമ്പ് വീടുന്ന ദിവസത്തിലെ ശുശ്രൂഷാക്രമം

പട്ടക്കാരൻ : പിതാവിനും പുത്രനും....................

ജനം : ബലഹീനരും പാപികളുമായ....................

## ആരംഭ പ്രാർത്ഥന

പട്ടക്കാരൻ : നിനുവക്കാരുടെ സ്തോത്രങ്ങളെയും സ്തുതികളെയും ആദരിക്കയും തന്റെ കൃപയാൽ അവരെ കടാക്ഷിക്കയും അവരുടെ അകൃത്യങ്ങളെ മായിച്ചു കളകയും അവരുടെ ദാഹത്തെ തണുപ്പിക്കുന്ന പാനീയമായ വെള്ളം കൊണ്ട് അവരെ തൃപ്തിയാക്കുകയും ചെയ്തവനായി അനുഗ്രഹങ്ങളുടെയും കരുണകളുടെയും പിതാവായുള്ളോവേ, ഞങ്ങളുടെ തെറ്റുകളെക്കുറിച്ച് സങ്കട ശബ്ദത്തിൽ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നതിനാൽ ഞങ്ങളുടെ യാചനകൾക്കു വേഗത്തിൽ ഉത്തരമരുളി നിന്റെ കോപത്തെ ഞങ്ങളിൽ നിന്നു നീക്കിക്കളയേണമേ.

ജനം : ആമ്മീൻ

### അതിന്റെ ശേഷം 51–ാം മസുമൂർ

## പ്രോമ്യോൻ

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...........

ജനം : അനുഗ്രഹിക്കുന്നവനായ കർത്താവേ...........

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും...........

തന്റെ വാതിൽക്കൽ മുട്ടുന്ന പാപികളിൽ സന്തോഷിക്കയും, തന്റെ ശരണത്തിനായി നോക്കി പാർത്തിരിക്കുന്ന അനുതാപികളിൽ ആനന്ദിക്കയും, തന്റെ അടുക്കലേക്കു തിരിച്ചുവരുന്ന വഴിതെറ്റിപ്പോയവരെ കൈക്കൊള്ളുകയും, തന്റെ തുറമുഖത്തേക്ക് ഒന്നിച്ചു കൂടുന്നവരായ ചിതറിപ്പോയവരെ വാത്സല്ലിക്കയും, തന്റെ ബലത്തിൽ സങ്കേതം പ്രാപിക്കുന്ന ബലഹീനരെ ശക്തിപ്പെടുത്തുകയും, തന്റെ മഹത്വത്തെ അന്വേഷിക്കുന്നവരായ വീണുപോയവരെ എഴുന്നേൽപ്പിക്കയും ചെയ്യുന്ന ഉത്തമനായ നാഥന് ഈ നേരത്തും, സകല പെരുന്നാളുകളിലും, കാലങ്ങളിലും, സമയങ്ങളിലും, നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.........

ജനം : ആമ്മീൻ

## സെദറാ

പട്ടക്കാരൻ : സകല സൃഷ്ടികളുടെയും സ്രഷ്ടാവും, രാജാധിരാജാവും, ദൈവീക ദാനങ്ങളിൽ അറുതിയില്ലാത്തവനും, സകല നൽവരങ്ങളിലും ധാരാളമായിരിക്കുന്നവനും, ഹൃദയ തകർച്ചയോടും താഴ്മയുള്ള ഹൃദയത്തോടും അനുതാപത്തിന്റെ വാതിൽക്കൽ മുട്ടുന്നവരുടെ അപേക്ഷകളെ താൽപര്യത്തോടു കൂടെ ചെവിക്കൊള്ളുന്നവനുമായ ദൈവമായ കർത്താവേ, നിന്റെ തിരുമുമ്പാകെ സാഷ്ടാംഗ നമസ്ക്കാരം ചെയ്യുന്ന നിന്റെ ദാസീദാസന്മാരിൽ സൂക്ഷിക്കുമാറാകേണമേ. ഞങ്ങളുടെ അപേക്ഷയെ കൈക്കൊണ്ട് നിന്റെ വിശുദ്ധിയുടെ ഉന്നതത്തിൽ നിന്നു കൃപയോടും ദയയോടും കൂടെ ഞങ്ങളോടുത്തരമരുളേണമേ. ഞങ്ങളുടെ ശബ്ദങ്ങളിൽ നിന്നു മൗനമായിരിക്കരുതേ. നിന്റെ തിരുമുമ്പാകെയുള്ള ഞങ്ങളുടെ ഹൃദയ സങ്കടങ്ങളിൽ കരുണയോടു കൂടി സൂക്ഷിച്ചു നോക്കേണമേ. നിന്റെ അനുഗ്രഹങ്ങളിൽ നിന്നു ഞങ്ങളെ തള്ളിക്കളയരുതേ. ഞങ്ങൾ നിനക്കു സമർപ്പിക്കുന്നതായ അപേക്ഷകളും പ്രാർത്ഥനകളും വാത്സല്യത്തോടുകൂടെ കൈക്കൊള്ളേണമേ. സന്തോഷത്തോടു കൂടെ ഞങ്ങളെ സ്വീകരിച്ചുകൊണ്ടു നിരപ്പാക്കുന്നവനും, ആശ്വസിപ്പിക്കുന്നവനും, ദയാലുവുമായി നീ ഞങ്ങൾക്കു കാണപ്പെടുമാറാകേണമേ. നല്ലവനും നന്മകളെ സ്നേഹിക്കുന്നവനുമായ കർത്താവേ, ഞങ്ങളുടെ ആയുസ്സിന്റെ നിലനിൽപ്പിനും വളർച്ചക്കും ഉതകുന്നവയെ ഞങ്ങൾക്കു ദാനം ചെയ്യേണമേ. നല്ലതും വാഴ്വുകൾ നിറഞ്ഞിരിക്കുന്നതുമായ നിന്റെ വലതുകൈ നീട്ടി നിന്റെ സൃഷ്ടികളെ ആനന്ദിപ്പിക്കേണമേ. മഴകൊണ്ടും മഞ്ഞുകൊണ്ടും ഫലങ്ങളെ വർദ്ധിപ്പിക്കേണമേ. നിന്റെ കൃപയാൽ ഭൂമിയുടെ മുഖത്തെ ആനന്ദിപ്പിക്കേണമേ. സകല ലോകത്തിനും നിന്റെ കൃപയാൽ നിരപ്പും സമാധാനവും

സൗജന്യം ചെയ്യേണമേ. നിന്റെ സൃഷ്ടികളിൽ നിന്നു കഠിനമുള്ള ശിക്ഷകളെയും കോപത്തിന്റെ വടിയെയും നീക്കിക്കളയേണമേ. രാജാക്കന്മാരെയും അധികാരികളെയും നിരപ്പാക്കേണമേ. യുദ്ധങ്ങളും ശണ്ഠകളും അവസാനിപ്പിക്കേണമേ. നിന്റെ നൽവരങ്ങളാൽ ധനവാന്മാരെ ഐശ്വര്യവാന്മാരാക്കുകയും ദരിദ്രന്മാർക്കു വഴ്വുകളെ ചൊരിഞ്ഞ് അവരുടെ ഹൃദയങ്ങളെ ആനന്ദിപ്പിക്കയും ചെയ്യേണമേ. രോഗങ്ങളിലും ബലഹീനതകളിലും ഇരിക്കുന്നവരെ ആശ്വസിപ്പിക്കുകയും, ഞെരുക്കങ്ങളിലും പലതര പരീക്ഷകളിലും അകപ്പെട്ടിരിക്കുന്നവരെ രക്ഷിക്കുകയും ചെയ്യേണമേ. വിലപിക്കുന്നവരെ ആശ്വസിപ്പിക്കേണമേ. ആത്മവ്യസനത്തിലിരിക്കുന്നവരെ ധൈര്യപ്പെടുത്തേണമേ. വഴിതെറ്റിപ്പോയവരെ സത്യത്തിന്റെ അറിവിലേക്ക് തിരിച്ചുവരുത്തേണമേ. ചിതറിപ്പോയവരെ കൂട്ടിച്ചേർക്കേണമേ. നിന്റെ കൽപ്പനകളുടെ നേർവഴിയിലേക്ക് എല്ലാവരേയും തിരിപ്പിക്കേണമേ. ഈ ലോകത്തിലെ പരീക്ഷകളിൽ നിന്നും, വരുവാനിരിക്കുന്ന ലോകത്തിലെ അതിവേദനകളിൽ നിന്നും ഞങ്ങളെ എല്ലാവരേയും രക്ഷിക്കേണമേ. സകല വിശുദ്ധന്മാരോടും കൂടെ സ്വർഗ്ഗരാജ്യത്തിന് ഞങ്ങൾ അവകാശികളായി തീരുകയും, പിതാവും പുത്രനും വിശുദ്ധ റൂഹായുമായുള്ളോവേ, അവരോടു കൂടെ കൃതജ്ഞതയുടെ ശബ്ദങ്ങളാൽ ജയത്തിന്റെ സ്തുതികളെ നിനക്കു ഞങ്ങൾ കരേറ്റുകയും ചെയ്യുമാറാകേണമേ. ഹോശോ......

ജനം : ആമ്മീൻ

## എത്രാ

പട്ടക്കാരൻ : തന്റെ സൃഷ്ടിയോട് താൽപര്യമായിരിക്കുന്നവനും തന്റെ വന്ദനവുകാരോട് കരുണ ചെയ്കയും അവരുടെ തിരിച്ചുവരവിനെ നോക്കിക്കോണ്ടിരിക്കുകയും ചെയ്യുന്നവനും, ഹൃദയം തകർന്നിരിക്കുന്നവരെ ആശ്വസിപ്പിക്കുന്നവനും, തന്റെ ദീർഘദർശിയായ യോനാ മൂലമുള്ള നിനുവക്കാരുടെ തിരിച്ചുവരവിൽ അവരുടെ അനുതാപത്തെ കൈക്കൊണ്ട്, അവരുടെ മേൽ നിശ്ചയിച്ചിരുന്നതായ നീതിയിൻ ശിക്ഷയെ മാറ്റിക്കളഞ്ഞവനും, അകൃത്യം ചെയ്യുന്നവരുടെ അനുതാപത്തെ കൈക്കൊള്ളുന്നവനും, ഉത്തമ നാഥനും കാരുണ്യവാനുമായ ഞങ്ങളുടെ കർത്താവേ, ഇപ്പോൾ നിന്റെ അനുഗ്രഹങ്ങളിൻ പ്രകാരം ഞങ്ങളുടെ ധൂപത്തെയും പ്രാർത്ഥനയേയും കൈക്കോള്ളേണമേ. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കേണമേ. പിതാവും പുത്രനും വിശുദ്ധ റൂഹായുമായുള്ളോവേ, ഞങ്ങൾ നിന്നെ സ്തോത്രം ചെയ്തു മഹത്വപ്പെടുത്തുവാനായി ഞങ്ങളുടെ മാതാവായ സഭയുടെ ഉള്ളിൽ ഞങ്ങളെ കാത്തുകൊള്ളേണമേ. ഹോശോ...........

ജനം : ആമ്മീൻ

**വായന** : യോനാ 3

എഫെ 5:3-11

വി. ലൂക്കോ. 12:54-13:9

**അതിനു ശേഷം മാലാഖമാരുടെ സ്തുതി 'പാപികളും ബലഹീനരുമാം...............'**

**അതിനു ശേഷം 'മോറാൻ യേശു മ്ശിഹ.............' എന്നുള്ള അപേക്ഷയും ഒരു കൌമ്മായും**

## വിശ്വാസപ്രമാണം

## ഹൂത്താമ്മാ

പട്ടക്കാരൻ : കാരുണ്യവാനും, അനുഗ്രഹങ്ങൾ ധാരാളമുള്ളവനും, അനുതാപികളിൽ ഇഷ്ടപ്പെടുന്നവനും, നിനുവായക്കാരുടെ മേൽ നിശ്ചയിച്ചിരുന്ന കോപത്തെ നോമ്പാലും ചാക്കുശീലയാലും ചാരത്താലും ഉണ്ടായ അവരുടെ അനുതാപത്താൽ നീക്കീക്കളഞ്ഞവനുമായ ദൈവമായ കർത്താവു നമ്മിൽ നിന്നു തന്റെ കോപത്തെ നീക്കുകയും നമ്മുടെ നാശത്തിനു നിശ്ചയിച്ചിരിക്കുന്ന മരണശിക്ഷയെ മായിച്ചുകളകയും ചെയ്യട്ടെ. നമ്മെ ചുറ്റിയിരിക്കുന്ന സകല പരീക്ഷകളിൽ നിന്നും നമ്മെ താൻ വീണ്ടുകൊണ്ടു സകല ശുദ്ധതയോടും കൂടെ തന്നെ മഹത്വപ്പെടുത്തി പുകഴ്ത്തുവാൻ നമ്മെ യോഗ്യരാക്കിത്തീർക്കയും ചെയ്യുമാറാകട്ടെ

ജനം : ആമ്മീൻ